**സബ്മിഷൻ**

(1) ജലാശയങ്ങളിൽ രാസമാലിന്യം ഒഴുക്കിയവർക്കെതിരെ നടപടി

ശ്രീ. ടി. ജെ. വിനോദ്: സർ, 2024 മേയ് 20-ാം തീയതി രാത്രിയിലും 21-ാം തീയതിയും എടയാർ-ഏലൂർ മേഖലകളിൽ പാതാളം റെഗുലേറ്റർ-കം-ബ്രിഡ്ജിന് സമീപമുള്ള പെരിയാറിൽ മത്സ്യക്കുരുതിയുണ്ടായി. ഇത് നമ്മുടെ നദീതട ആവാസവ്യവസ്ഥയുടെ ആരോഗ്യത്തിലും പ്രാദേശിക മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവനത്തിലും സംരംഭക മത്സ്യകർഷകരുടെ ഇടയിലും കടുത്ത ആശങ്ക ഉയർത്തിയിട്ടുണ്ട്. ചേരാനല്ലൂർ-കടമക്കുടി-വരാപ്പുഴ-മുളവുകാട്-ഏഴിക്കര-ഏലൂർ-കൊച്ചി നഗരസഭ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ 2306 ഉൾനാടൻ മത്സ്യത്തൊഴിലാളികളെയും 518 അനുബന്ധ മത്സ്യത്തൊഴിലാളികളെയും 210 കേജ് കർഷകരെയും ബാധിക്കുന്ന അതീവ ഗുരുതരമായ മത്സ്യക്കുരുതിയാണ് പെരിയാറിലുണ്ടായത്. പാതാളം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ക്രമരഹിതമായ പ്രവർത്തനമാണ് ഈ മത്സ്യക്കുരുതിക്ക് കാരണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ആരോപിക്കുന്നു.

ഡിസോൾവ്ഡ് ഓക്സിജന്റെ അളവിലെ ഏറ്റക്കുറച്ചിൽ കാരണമാണ് ഇത് സംഭവിച്ചതെന്നാണ് പി.സി.ബി. പറയുന്നത്. ജലജീവികളുടെ നിലനിൽപ്പിനെ മാത്രമല്ല പരിസ്ഥിതിക്കുണ്ടാകുന്ന നാശം തടയുന്നതിനും നദികളുടെ സ്വാഭാവിക ഗതി സംരക്ഷിക്കുന്നതിനുമായി ജലസേചന വകുപ്പ് ജലപ്രവാഹം നിയന്ത്രിക്കണമെന്നും മലിനീകരണ നിയന്ത്രണ ബോർഡ് പറയുന്നു. ജലസേചന വകുപ്പിലെയും മലിനീകരണ നിയന്ത്രണ ബോർഡിലെയും ഉദ്യോഗസ്ഥർ പരസ്പരം പഴിചാരി കൈകഴുകുന്ന സമീപനമാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. സി.എം.എഫ്.ആർ.ഐ.-യുടെ സാമ്പത്തിക സഹായത്തോടെയും ബാങ്ക് വായ്പയിലൂടെയും പുതിയ സംരംഭകരായി മത്സ്യ കൃഷിയിൽ ഏർപ്പെട്ട ഇരുന്നൂറ്റി പത്തോളം കേജ് കർഷകരുടെ ജീവിത പ്രതീക്ഷയാണ് ഈ മത്സ്യക്കുരുതിയിലൂടെ നഷ്ടമായത്. കോടിക്കണക്കിന് രൂപയുടെ കടബാധ്യതയിലേയ്ക്കും ആത്മഹത്യയിലേയ്ക്കും അവരെ തള്ളിവിടുന്ന സാഹചര്യമാണുണ്ടായിരിക്കുന്നത്. ഏലൂർ വ്യവസായ മേഖലയിൽനിന്നുള്ള രാസമാലിന്യമാണ് പെരിയാറിലെ ഈ മത്സ്യക്കുരുതിക്ക് കാരണമെന്നാണ് മത്സ്യത്തൊഴിലാളികൾ പറയുന്നത്. 1998 മുതൽ ഇരുന്നൂറ്റി അൻപതിലധികം

മത്സ്യക്കുരുതികൾ നടന്നിട്ടുണ്ടെന്നാണ് അവർ പരാതി പറയുന്നത്. ഈ വർഷം അഞ്ച് മാസത്തിനിടയിൽതന്നെ ഒൻപത് മത്സ്യക്കുരുതികൾ നടന്നതായി കർഷകർ ആരോപിക്കുന്നുണ്ട്. പാതാളം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവർത്തനം സമാന ദുരന്തങ്ങളിലേയ്ക്ക് നയിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; കൂടാതെ പെരിയാറിന്റെ നദീതടങ്ങളിൽ റീ-സൈക്കിൾ ചെയ്യാനും അതിൽ അടിഞ്ഞുകൂടുന്ന രാസമാലിന്യം വൃത്തിയാക്കാനും നടപടി സ്വീകരിക്കണം. എറണാകുളം നിയോജകമണ്ഡലത്തിൽ ചേരാനല്ലൂർ പഞ്ചായത്തിൽ മാത്രം ഏകദേശം അഞ്ച് കോടി രൂപയുടെ നഷ്ടമാണ് മത്സ്യകർഷകർക്കുണ്ടായിട്ടുള്ളത്. സമാനമായ നഷ്ടം മറ്റ് സ്ഥലങ്ങളിലും ഉണ്ടായിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ഈ കർഷകർക്ക് അർഹമായ സാമ്പത്തിക സഹായം നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ എന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഈ വിഷയം സംബന്ധിച്ച് ശ്രീമതി ഉമ തോമസ്, ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ എന്നീ അംഗങ്ങളും നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 20-05-2024-ൽ പെരിയാറിലെ ഏലൂർ ഫെറി ഭാഗത്ത് മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവത്തെത്തുടർന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർവൈലൻസ് സംഘം പരിശോധന നടത്തുകയുണ്ടായി. വെള്ളത്തിന്റെ സാമ്പിൾ പരിശോധിച്ചതിൽ ഡിസോൾവ്ഡ് ഓക്സിജന്റെ അളവ് മത്സ്യങ്ങൾക്ക് ജീവിക്കുന്നതിനാവശ്യമായ അളവിലും കുറവായി കാണപ്പെട്ടു. മഴ ശക്തിപ്പെട്ടതിനെത്തുടർന്ന് പാതാളം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഷട്ടർ തുറന്നപ്പോൾ റെഗുലേറ്ററിന്റെ മുകൾ വശത്തുനിന്ന് ഓക്സിജന്റെ അളവ് കുറഞ്ഞ ജലം കൂടിയ അളവിൽ ഒഴുകിയെത്തിയതാണ് മത്സ്യനാശത്തിന് കാരണമായതെന്നാണ് പ്രാഥമികാന്വേഷണത്തിലെ കണ്ടെത്തൽ. പെരിയാറിന്റെ തീരത്തുള്ള ഫാക്ടറികളിൽനിന്ന് രാസമാലിന്യം ഒഴുക്കിവിട്ടതായി പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. പെരിയാർ നദിയിലേയ്ക്ക് പാഴ്ജലം ശുദ്ധീകരണത്തിനുശേഷം പുറന്തള്ളുന്നതിന് അനുവദിച്ചിട്ടുള്ള അഞ്ച് വ്യവസായശാലകളിൽനിന്നും മലിനജലം പുറന്തള്ളുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഏലൂർ, എടയാർ

ഭാഗത്തുള്ള വ്യവസായശാലകളിൽ മലിനീകരണ നിയന്ത്രണ ബോർഡ് തുടർന്നുള്ള ദിവസങ്ങളിലും വിശദമായ പരിശോധന നടത്തിയിരുന്നു. മത്സ്യനാശം സംബന്ധിച്ച് കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസിന്റെ റിപ്പോർട്ടുകൂടി ലഭ്യമായതിനുശേഷമേ മലിനീകരണ നിയന്ത്രണ ബോർഡ് വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയുള്ളൂ. പ്രാഥമിക വിവരങ്ങൾ പ്രകാരം 13,56,00,000 രൂപയുടെ മത്സ്യനാശമുണ്ടായിട്ടുണ്ട്. മത്സ്യകൃഷിക്കാർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതുസംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിക്കുന്നമുറയ്ക്ക് അവ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## (2) ആലപ്പുഴ ജലസംഭരണിയുടെയും പൈപ്പ് കണക്ഷനുകളുടെയും പൂർത്തീകരണം

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ആലപ്പുഴ മണ്ഡലത്തിലെ അതിരൂക്ഷമായ ശുദ്ധജല പ്രശ്നമാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഒന്നാം പിണറായി വിജയൻ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആലപ്പുഴയിലെ ശുദ്ധജല പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി 299 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. ആ പദ്ധതി ഒൻപത്

പാക്കേജുകളാക്കി തുടർ നടപടികളും ചെയ്തതായിരുന്നു. ഇതിൽ ഒരു പാക്കേജ് മാത്രമാണ് ഏകദേശം 90 ശതമാനം പൂർത്തിയായത്. 7 പാക്കേജുകൾ ടെണ്ടർ ചെയ്തിട്ടും ഇതുവരെ ആരും ഏറ്റെടുക്കാത്ത അവസ്ഥയിലാണ്. ആലപ്പുഴയിലെ ശുദ്ധജല പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി കരുമാടിയിൽനിന്ന് ആലപ്പുഴയിലേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയാണ് പമ്പ-അച്ചൻകോവിലാറുവഴി വെള്ളം കൊണ്ടുവരുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയത്. പക്ഷേ ഇപ്പോൾ ആലപ്പുഴയിലെ പ്രദേശങ്ങളിൽ ഒരുതുള്ളി വെള്ളം പോലും ലഭിക്കാത്ത അവസ്ഥയാണ്. ജനപ്രതിനിധികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുപ്രവർത്തകരും എല്ലാ ദിവസവും വാട്ടർ അതോറിറ്റി ഓഫീസിനുമുന്നിൽ സമരം ചെയ്യേണ്ട ഗതികേടിലാണ്. ആലപ്പുഴയിലെ ശുദ്ധജല പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻകയ്യെടുത്ത് പല കോൺഫറൻസുകൾ വിളിക്കുകയും ഇടപെടുകയും ചെയ്തിട്ടുള്ളതിനെ നന്ദിപൂർവ്വം ഓർക്കുന്നു. പക്ഷേ ശുദ്ധജല പ്രശ്നത്തിന് മാത്രം ഇപ്പോഴും പരിഹാരമായിട്ടില്ല. കായൽ പ്രദേശങ്ങളിലും തീരദേശ മേഖലകളിലും മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലും മാസങ്ങളായി കുടിവെള്ളം ലഭിക്കുന്നില്ല.

ഇതുമൂലം ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസം വർണ്ണിക്കാൻ സാധിക്കുന്നതിനുമപ്പുറമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വാഹനങ്ങളിൽ എത്തിക്കുന്ന വെള്ളം മാത്രം വാങ്ങി ഉപയോഗിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്. അതുകൊണ്ട് ആലപ്പുഴയിൽ സമഗ്ര കുടിവെള്ള പദ്ധതി എത്രയും വേഗത്തിൽ പൂർത്തീകരിക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഇപ്പോൾ വർക്കുകൾ ടെണ്ടറുകൾ ചെയ്തിട്ടും ആരും ഏറ്റെടുക്കാത്ത പശ്ചാത്തലത്തിൽ അവശേഷിക്കുന്ന 7 പാക്കേജുകളെയും ബൃഹത്തായ ഒറ്റ പാക്കേജാക്കി, ടെണ്ടർ വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താനുണ്ടെങ്കിൽ വരുത്തി കാലോചിതമായി പരിഷ്കരിച്ചുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണം. പ്രസ്തുത പദ്ധതി നടപ്പാക്കുന്ന കിഫ്ബിയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും മുമ്പാകെ ഈ ഡിമാന്റുകൾ പല തവണ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ട് ആലപ്പുഴയിലെ രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന്റെ തീവ്രത മനസ്സിലാക്കി ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ടി പാക്കേജുകൾ അടിയന്തരമായി

നടപ്പിലാക്കാൻ കഴിയുന്ന നിലയിലേയ്ക്കുള്ള പ്രായോഗിക നടപടി സ്വീകരിക്കണമെന്നാണ് അപേക്ഷിക്കാനുള്ളത്. അത് അതിവേഗത്തിൽ നടപ്പിലാക്കി ശുദ്ധജല പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ആലപ്പുഴ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. ആലപ്പുഴ മുനിസിപ്പാലിറ്റിയിലെയും ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലെയും ജലവിതരണ ശൃംഖലയുടെ വിപുലീകരണത്തിനും നവീകരണത്തിനുമായി 02-10-2018-ലെ ഉത്തരവുപ്രകാരം 184 കോടി രൂപയുടെ ഭരണാനുമതി നൽകുകയും കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 211.709 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. തുടർന്ന് എസ്.ഒ.ആർ. 2016-ൽനിന്നും എസ്.ഒ.ആർ. 2018-ലേയ്ക്കുള്ള പരിഷ്കരണവും ജി.എസ്.ടി. 12 ശതമാനത്തിൽനിന്നും 18 ശതമാനമായി വർദ്ധിച്ചതും കാരണം 299.31 കോടി രൂപയുടെ പുതുക്കിയ ഫണ്ടിംഗ് അനുമതിയും നൽകിയിട്ടുണ്ട്. 374518

ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതി 9 പാക്കേജുകളായാണ് നടപ്പിലാക്കിവരുന്നത്. അവയിൽ ഒന്നാം പാക്കേജിൽപ്പെട്ട പ്രവൃത്തികൾ ഏകദേശം 90 ശതമാനവും രണ്ടാം പാക്കേജിൽപ്പെട്ട പ്രവൃത്തികൾ ഏകദേശം 40 ശതമാനവും പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ പാക്കേജ് 3, 4, 5, 7, 8, 9 എന്നിവ 06-08-2024 ആയി റീ-ടെൻഡർ ചെയ്തെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ റീ-ടെൻഡർ നടപടി പുരോഗമിച്ചുവരുന്ന സ്ഥിതിയാണ് നിലവിലുള്ളത്. പാക്കേജ് 6-ന് 10-06-2024-ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം വടക്ക്, മാരാരിക്കുളം തെക്ക് എന്നീ പഞ്ചായത്തുകളിൽ ജലജീവൻ മിഷൻ പദ്ധതി മുഖാന്തരം 40987 കുടിവെള്ള കണക്ഷനുകളാണ് നൽകേണ്ടത്. അവയിൽ 26294 കണക്ഷനുകൾ നൽകിയിട്ടുണ്ട്. 15524 കണക്ഷനുകൾ ഇനി നൽകാനുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപ്രകാരം ടെൻഡർ എടുക്കാൻ ആളില്ലായെന്നത് പ്രധാന വിഷയമായിത്തന്നെ കാണേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ അഭ്യർത്ഥന മാനിച്ചും പൊതുവായ വിഷയത്തിൽ ഇത്തരം തടസ്സങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലും ഈ പാക്കേജുകളെ എങ്ങനെയാണ്

ക്രമപ്പെടുത്താൻ കഴിയുന്നതെന്ന ആലോചനയുംകൂടി നടത്താം. ഇതിലെ ആറാം പാക്കേജിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 3, 4, 5, 7, 8, 9 എന്നീ പാക്കേജുകളെ ഒരുമിച്ചുകണ്ട് രൂപപ്പെടുത്തി പുതിയ നടപടികളിലേയ്ക്ക് പോകാൻ സാധിക്കുമോയെന്ന് പരിശോധിക്കുകയും എത്രയുംപെട്ടെന്ന് ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാനുമാണ് തീരുമാനിച്ചിട്ടുള്ളത്.

ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ആലപ്പുഴ നഗരസഭയിലെ വിവിധ വാർഡുകളിൽ അമൃത്-II പദ്ധതിയിലുൾപ്പെടുത്തി 33 കിലോമീറ്റർ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. ഈ പ്രവൃത്തിയിൽ ഇതുവരെ 18.62 കിലോമീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. അമൃത് പദ്ധതിയിലുൾപ്പെടുത്തി ആലപ്പുഴ നിയോജകമണ്ഡലത്തിൽപ്പെടുന്ന വിവിധ വാർഡുകളിലായി 7500 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തി നടന്നുവരുന്നു. നാളിതുവരെ 1108 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.

അമൃത് പദ്ധതിയിലുൾപ്പെടുത്തി നെഹ്റുട്രോഫി വാർഡിൽ പുന്നമൂട് ജെട്ടിയിൽ ഒരു വാട്ടർ കിയോസ്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു. കാവുങ്കൽ ജെട്ടിയിൽ നിർമ്മിക്കുന്ന വാട്ടർ കിയോസ്കിന്റെ നിർമ്മാണം പൂർത്തിയായി. വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നെഹ്റുട്രോഫി ഫിനിഷിംഗ് പോയിന്റിനുസമീപം സ്ഥാപിക്കേണ്ട കിയോസ്കിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള സ്ഥലം ആലപ്പുഴ മുനിസിപ്പാലിറ്റിയിൽനിന്നും ലഭിക്കേണ്ടതായിട്ടുണ്ട്. അത് എത്രയുംവേഗം ലഭ്യമാക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.-കൂടി സഹകരിച്ചാൽ അത് പൂർത്തീകരിക്കാൻ കഴിയും. ആലപ്പുഴ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ കുടിവെള്ളമെത്തിക്കുന്നതിനുള്ള പ്രവൃത്തികൾ നല്ലനിലയിൽ പുരോഗമിച്ച് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

(3) കുമ്പള പുഴയിൽ പുതിയ റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഗതാഗതം നിരോധിച്ച മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കുമ്പള കഞ്ചിക്കട്ട പാലത്തിലൂടെ ചെറിയ വാഹനങ്ങൾ കടത്തിവിടുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനും പുതിയ

റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി പ്രവൃത്തി തുടങ്ങുന്നതുസംബന്ധിച്ച ആവശ്യവുമുന്നയിച്ചാണ് ഈ സബ്മിഷൻ. മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കുമ്പള പഞ്ചായത്തിലെ കുമ്പള പുഴയ്ക്കുകുറുകെ ഉദ്ദേശം നാൽപ്പതുവർഷം മുമ്പ് നിർമ്മിച്ച വി.സി.ബി.-കം-ബ്രിഡ്ജ് കാലപ്പഴക്കത്താൽ അപകടാവസ്ഥയിലായതിനാൽ റോഡ് സുരക്ഷാ അതോറിറ്റിയുടെ തീരുമാനപ്രകാരം ജില്ലാ കളക്ടർ ഇതുവഴിയുള്ള ഗതാഗതം പൂർണ്ണമായും നിരോധിച്ച് പാലം അടച്ചിട്ടിരിക്കുകയാണ്. ഇതുകാരണം കുമ്പള ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിൽ നൂറ് കണക്കിനാളുകൾക്ക് കുമ്പള, കാസർഗോഡ് നഗരങ്ങളിലേയ്ക്കും വിദ്യാർഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും എത്തിച്ചേരാൻ കിലോമീറ്ററുകളോളം ചുറ്റിക്കറങ്ങി സഞ്ചരിക്കേണ്ട സാഹചര്യമാണ്. അതിനാൽ കഞ്ചിക്കട്ട, മളി, താഴെകൊടിയമ്മ, ആരിക്കാടി, ബംബ്രാണ, കോട്ടക്കാർ, ചൂരിത്തടുക്ക, ചത്രുംപള്ളം, കൊടിയമ്മ, ഉളുവാർ, പൂക്കട്ട തുടങ്ങിയ പ്രദേശങ്ങളിലെ പാവപ്പെട്ട കർഷകരും തൊഴിലാളികളും രോഗികളും ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് അധിക സാമ്പത്തികബാധ്യതയും സമയനഷ്ടവുമുണ്ടാകുന്നു. പുതിയ അധ്യയന

വർഷം തുടങ്ങിയ പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്ക് കൃത്യസമയത്ത് സ്കൂളുകളിലും കോളേജുകളിലുമെത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. പ്രസ്തുത പാലം മൈനർ ഇറിഗേഷൻ വകുപ്പിന്റെ ആസ്തിയാണ്. മൈനർ ഇറിഗേഷൻ, പി.ഡബ്ല്യു.ഡി.( ബ്രിഡ്ജസ്) എന്നിവയുടെ ഒരു സംയുക്ത പരിശോധന നടത്തി ചെറിയ വാഹനങ്ങളായ ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ കടത്തിവിടാനുള്ള സാധ്യത പരിശോധിക്കേണ്ടതായിട്ടുണ്ട്. ഞാനും അവിടം സന്ദർശിച്ചിരുന്നു. ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗവും ചേർന്നിരുന്നു. അവിടത്തെ പത്രമാധ്യമങ്ങളിൽ ഇത് വാർത്തയായ വിഷയമാണ്. ഏതെങ്കിലും രീതിയിൽ അടിയന്തരമായി ഇടപെട്ട് ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ കടത്തിവിടാനുള്ളൊരു സാധ്യത ബഹുമാനപ്പെട്ട മന്ത്രി ആ നാട്ടുകാർക്ക് ഒരുക്കികൊടുക്കണം. കൂടാതെ, കോയിപ്പാടി, ഇച്ചിലംപാടി, ആരിക്കാടി എന്നീ വില്ലേജുകളിലെ 800 ഹെക്ടറോളം വരുന്ന കൃഷിഭൂമിക്ക് ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനും അറബിക്കടലിൽനിന്നും കുമ്പളപ്പുഴവഴി ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കടന്നുപോകുന്നതുമായ ഇവിടത്തെ

പൊതുഗതാഗതത്തിനും സഹായമാകുന്ന രീതിയിൽ ഇവിടെ പുതിയ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ പ്രൊപ്പോസലുൾപ്പെടെയുള്ള നടപടിക്രമങ്ങൾ മൂന്നുവർഷം മുമ്പുതന്നെ ബന്ധപ്പെട്ട വകുപ്പ് തുടങ്ങിയതാണ്. പാലത്തിന്റെ പുതുക്കിയ ഡിസൈൻ തയ്യാറായിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡിന്റെ നടപ്പുവർഷ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ വേഗത്തിൽ സമർപ്പിക്കേണ്ടതായിട്ടുണ്ട്. നബാർഡിന്റെ അംഗീകാരം ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പരമാവധി വേഗത്തിൽ പാലത്തിന്റെ പണി പൂർത്തീകരിച്ച് നാട്ടുകാരുടെ ദുരിതമകറ്റുന്നതിനും പ്രദേശത്തെ കൃഷിഭൂമിക്ക് ജലലഭ്യത ഉറപ്പാക്കുന്നതിനും ഉപ്പുവെള്ളം തടയുന്നതിനും പൊതുഗതാഗതത്തിനും സൗകര്യമൊരുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാവശ്യമാണ്. ഇതാണ് ബഹുമാനപ്പെട്ട മന്ത്രിയോട് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കാസർഗോഡ് കഞ്ചിക്കട്ടയിൽ കുമ്പള നദിക്കുകുറുകെ ഉപ്പുവെള്ളം കയറുന്നത് തടയാൻ

നാൽപ്പതുവർഷം മുമ്പ് നിർമ്മിച്ച ഉപ്പുവെള്ള തടയണ പാലം ഇപ്പോൾ അപകടാവസ്ഥയിലാണ്. നിലവിൽ തടയണ തകരാറിലായതിനാലാണ് ഉപ്പുവെള്ളം കയറുന്നത്. അതുമൂലം 800 ഹെക്ടർ സ്ഥലത്തെ കൃഷിയെ ബാധിച്ച് തടയണയുടെ ഭാഗമായ പാലം പൂർണ്ണമായും തകർന്ന നിലയിലാണ്. പാലത്തിന്റെ കീഴ്ഭാഗത്തെ കോൺക്രീറ്റ് ഇളകിപ്പോയതിനാൽ പാലത്തിന്റെ കമ്പികൾ പൂർണ്ണമായും ദ്രവിച്ചുപോയിരിക്കുകയാണ്. അതിനാൽ ഈ പാലം വഴിയുള്ള ഗതാഗതം ജില്ലാ റോഡ് സുരക്ഷാ അതോറിറ്റിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തടസ്സപ്പെടുത്തിയിരിക്കുന്നു. കുമ്പള, കഞ്ചിക്കട്ട, പെരുവത്തടുക്ക എം.ഡി.ആർ. (Major District Roads)-ന്റെ ഭാഗമായിരുന്നു ഈ പാലം. ജനകീയ പ്രക്ഷോഭത്തെത്തുടർന്ന് ചെറുവാഹന ഗതാഗതത്തിനായി പാലം തുറക്കുന്നതിന്റെ സാധ്യത പരിശോധിക്കാൻ ജില്ലാ റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മൈനർ ഇറിഗേഷൻ, പി.ഡബ്ല്യു.ഡി. (ബ്രിഡ്ജസ്), റവന്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥർ സംയുക്തമായി നടത്തിയ പരിശോധനയിൽ പാലം ഗുരുതരമായി തകർന്ന നിലയിലാണെന്നും ഗതാഗതം അനുവദിക്കുന്നത് സുരക്ഷിതമല്ലെന്നും

കണ്ടെത്തിയിട്ടുണ്ട്. കഞ്ചിക്കോട്ടയിൽ പുതിയ തടയണ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഡിസൈൻ ഐ.ഡി.ആർ.ബി. തയ്യാറാക്കിവരുന്നു. ഡിസൈൻ പൂർത്തിയായശേഷം അപ്രോച്ച് റോഡിന് ഭൂമി ലഭിക്കുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതാണ്. ഇക്കാര്യത്തിൽ വലിയ ബുദ്ധിമുട്ട് അവിടെയുണ്ടെന്ന് അറിയാം. ഐ.ഡി.ആർ.ബി.-യുടെ റിപ്പോർട്ട് അല്ലെങ്കിൽ ഡിസൈൻ തയ്യാറാക്കുന്ന ഘട്ടത്തിൽതന്നെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രദ്ധിക്കുകയാണെങ്കിൽ വളരെപെട്ടെന്നുതന്നെ അത്തരം കാര്യങ്ങൾ നടപ്പിലാക്കാൻ സാധിക്കും. ഈ റോഡിന്റെയും അതുപോലെ അവിടത്തെ ബുദ്ധിമുട്ടും ആ നാടിന്റെ ഒരു വിഷയമാണെന്ന് കൃത്യമായി മനസ്സിലാക്കിയതുകൊണ്ട് വളരെപെട്ടെന്നുതന്നെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലംകൂടി ലഭ്യമാക്കിത്തന്നാൽ ഐ.ഡി.ആർ.ബി. ഡിസൈൻ തയ്യാറാക്കി നബാർഡിലേയ്ക്ക് പോയി ഇമ്മീഡിയറ്റായി പ്രയോറിറ്റി ബേസിൽ ഇക്കാര്യം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാം.

(4) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ ആനുകൂല്യങ്ങൾ പരിഷ്കരിക്കൽ

ശ്രീ. സി. സി. മുകുന്ദൻ: സർ, കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾക്കുള്ള ആനുകൂല്യ വിതരണവുമായി ബന്ധപ്പെട്ടാണ് എന്റെ സബ്മിഷൻ. കേരളത്തിലെ ആദ്യ ക്ഷേമനിധി ബോർഡായ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് സാമ്പത്തിക പരാധീനതകാരണം അതിവർഷാനുകൂല്യമടക്കം കൊടുക്കാൻ കഴിയാത്തൊരു പ്രതിസന്ധിയിലാണ്. ഒരുവർഷത്തിൽ 24 രൂപ അംശദായം അടയ്ക്കുന്ന ഒരു തൊഴിലാളി 60 വയസ്സ് പൂർത്തീകരിച്ച് പിരിഞ്ഞുപോകുമ്പോൾ വർഷം കണക്കാക്കി 625 രൂപയാണ് ക്രമത്തിൽ അതിവർഷാനുകൂല്യമായി നൽകിയിരുന്നത്. ക്ഷേമനിധി ബോർഡിൽ ഇപ്പോൾ ഒരുവർഷം തൊഴിലാളി അടയ്ക്കുന്നത് 240 രൂപയാണ്. തൊഴിലാളി വിഹിതം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ അതിവർഷാനുകൂല്യങ്ങളിലും മറ്റ് ആനുകൂല്യങ്ങളിലും കാലോചിതമായ മാറ്റംവരുത്താൻ സാമ്പത്തിക പ്രതിസന്ധിമൂലം ബോർഡിന് കഴിഞ്ഞിട്ടില്ല. അതുമാത്രമല്ല 2014 മുതലുള്ള അതിവർഷാനുകൂല്യത്തിൽ ലഭിക്കേണ്ട തുകയുടെ

പകുതി വിതരണം ചെയ്യുതും പിന്നീടുള്ള വർഷങ്ങളിൽ പിരിഞ്ഞുപോയവർക്ക് ഒന്നും കൊടുക്കാൻ കഴിയാത്ത സാഹചര്യവുമാണ് നിലനിൽക്കുന്നത്. ഇപ്പോൾ വിവിധ ആനുകൂല്യങ്ങളിലായി ഏകദേശം 492 കോടി രൂപ നൽകാനുണ്ട്. അതിവർഷാനുകൂല്യങ്ങളും മറ്റ് ആനുകൂല്യങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം ക്ഷേമനിധി ബോർഡ് ഗവൺമെന്റ് മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ഇവയൊന്നും ഇതുവരെ പരിഹരിക്കപ്പെടാത്തതുമൂലം ക്ഷേമനിധി അംഗത്വം പുതുക്കാനും പുതുതായി ചേരുന്നതിനും തൊഴിലാളികൾ വിമുഖത കാട്ടുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ പ്രതിസന്ധി പരിഹരിക്കാൻ പല നിർദ്ദേശങ്ങളും വിവിധ സംഘടനകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട രണ്ട് നിർദ്ദേശങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുകയാണ്. 2008 മുതൽ പുരയിടമായി നിലനിൽക്കുന്ന ഭൂമി തരംമാറ്റുമ്പോൾ ഈടാക്കാനായി നിശ്ചയിച്ചിരിക്കുന്ന തുകയിൽ 10 ശതമാനം ക്ഷേമനിധി ബോർഡിലേയ്ക്ക് ലഭിക്കുന്ന വിധത്തിൽ നടപടി സ്വീകരിച്ചാൽ താൽക്കാലികമായി ഇപ്പോൾ ഈ പ്രതിസന്ധിക്ക് പരിഹാരം കാണാൻ

കഴിയും. ഭൂമി ക്രയവിക്രയം നടത്തുമ്പോൾ ഈടാക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഒരുശതമാനം തുക ക്ഷേമനിധി ബോർഡിലേയ്ക്ക് അടയ്ക്കത്തക്കവിധത്തിൽ നിയമത്തിൽ മാറ്റം വരുത്തിയാലും ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും. മണ്ണിൽ പണിയെടുത്ത് കരിമണ്ണിൽ കനകം വിളയ്ക്കുന്ന കർഷകത്തൊഴിലാളിയുടെ ആശാകേന്ദ്രമായ ക്ഷേമനിധി ബോർഡിനെ സാമ്പത്തിക ഭദ്രതയുള്ളൊരു ബോർഡാക്കി മാറ്റിയെടുക്കാൻ നമുക്ക് കഴിയണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 1990-ലെ കേരള കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം അംശദായ തുകയ്ക്ക് തുല്യമായ തുകയാണ് മാച്ചിംഗ് ഗ്രാന്റായി അനുവദിക്കേണ്ടത്. പ്രസ്തുത തുകപോലും ആവശ്യത്തിന് തികയില്ലെന്നതാണ് വസ്തുത. എന്നാലും ബോർഡിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ബോർഡിൽനിന്നും വിരമിച്ച തൊഴിലാളികൾക്ക് അതിവർഷാനുകൂല്യ വിതരണത്തിനായി മാച്ചിംഗ് ഗ്രാന്റിന്റെ പരിധി കണക്കാക്കാതെയാണ് സർക്കാരിന്റെ ധന ലഭ്യതയ്ക്കനുസരിച്ച് തുക അനുവദിച്ചുവരുന്നത്. ബോർഡിലെ തൊഴിലാളികളുടെ

പെൻഷൻ പൂർണ്ണമായും സർക്കാരാണ് നൽകുന്നത്. പ്രതിമാസം ശരാശരി 51 കോടി രൂപയാണ് ഇതിനായി നൽകുന്നത്. കൂടാതെ അതിവർഷാനുകൂല്യങ്ങൾ നൽകാൻ 2017-18 മുതൽ ഇതുവരെ 180 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ വർഷവും ഈ ഇനത്തിൽ 100 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മേൽപറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ബോർഡിന്റെ സാമ്പത്തിക ശേഷി മെച്ചപ്പെടുന്ന മുറയ്ക്ക് അതിവർഷാനുകൂല്യം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ വർദ്ധനവ് പരിഗണിക്കാവുന്നതാണ്.

(5) എരമം കുറ്റൂർ പുല്ലുപാറയിൽ വ്യവസായ പാർക്ക്

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമത്ത് കണ്ണൂർ സൈബർ പാർക്കിനുവേണ്ടി 2007-നുമുമ്പ് 25 ഏക്കറിലധികം ഭൂമി സൗജന്യമായി ഗവൺമെന്റിലേയ്ക്ക് നൽകുകയും ഐ.ടി. സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തിരുന്നു. 2016-ൽ ഐ.ടി. പാർക്ക് കമ്മീഷൻ ചെയ്യുമെന്നാണ് അന്ന് ഗവൺമെന്റ് പറഞ്ഞിരുന്നത്. പിന്നീട് പല സന്ദർഭങ്ങളിൽ ഈ സഭയിൽ ആ വാഗ്ദാനം ബഹുമാനപ്പെട്ട മന്ത്രിമാരുടെ

ഭാഗത്തുനിന്നുണ്ടായിരുന്നു. എന്നാൽ ഗ്രാമീണ മേഖലയിൽ ഐ.ടി. സംരംഭങ്ങൾ പ്രായോഗികമല്ലെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ആ പദ്ധതി ഉപേക്ഷിച്ച് വ്യവസായ പാർക്കിനുവേണ്ടിയുള്ള നടപടി മുന്നോട്ടുകൊണ്ടുപോയത്. കഴിഞ്ഞ മൂന്ന് വർഷങ്ങളായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുമായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും ഇക്കാര്യങ്ങളിൽ നിരന്തരം നിവേദനങ്ങളും മറ്റ് നടപടിയും നീക്കിയിരുന്നു. വിവിധ ഘട്ടങ്ങളിൽ വ്യവസായ വകുപ്പുമന്ത്രി മുൻകയ്യെടുത്ത് യോഗങ്ങൾ വിളിച്ചുചേർത്ത് കാര്യങ്ങൾ ആലോചിക്കുകയുണ്ടായി. ഇന്നത്തെ ചോദ്യോത്തരവേളയിൽത്തന്നെ വ്യവസായ വകുപ്പുമന്ത്രി പറഞ്ഞത് കേരളത്തിൽ വ്യവസായത്തിന് ഭൂമി ദൗർലഭ്യം അനുഭവപ്പെടുന്നുവെന്നാണ്. ഭൂമിയുണ്ട്; വ്യവസായ പാർക്ക് തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടി പ്രായോഗികമായാൽ വടക്കൻ കേരളത്തിന്റെ വ്യവസായിക പുരോഗതിക്ക് വലിയ സഹായകമാകുന്നതാണ്. എന്നാൽ പ്രശ്നങ്ങൾ ഇപ്പോഴും പല രീതിയിലുള്ള സാങ്കേതിക കാര്യങ്ങളിൽ കുരുങ്ങിക്കിടക്കുകയാണ്. കണ്ണൂർ സൈബർ പാർക്കിന്റെ സ്ഥലം വ്യവസായ പാർക്കാക്കി മാറ്റുന്നതിനുവേണ്ടി

അടിയന്തര നടപടി സ്വീകരിക്കുമോ; പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾ നിർവഹിക്കുമോ?

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. വി. കെ. പ്രശാന്ത്)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം സംബന്ധിച്ച് ഈ ഗവൺമെന്റ് അധികാരമേറ്റയുടൻതന്നെ 07-10-2021-ന് ഒരു യോഗം ചേരുകയുണ്ടായി. വ്യവസായ വകുപ്പ് ആ പാർക്ക് ഏറ്റെടുത്ത് നടത്താനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. ഐ.ടി. വകുപ്പിൽനിന്ന് പിന്നീട് അനുമതി ലഭിച്ച് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടുകൂടി പൊതുവെ അക്കാര്യം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. SEZ-ലാണ് ആ മേഖലയുള്ളത്. SEZ-ൽ വ്യവസായങ്ങൾ ആരംഭിക്കുന്നത് ശരിയായ രൂപത്തിൽ നിക്ഷേപം ആകർഷിക്കാൻ സാധിക്കില്ലെന്ന് കാണുകയുണ്ടായി. അതിനെ തുടർന്ന് വീണ്ടും ആ വകുപ്പുമായി യോഗം ചേർന്നിരുന്നു. SEZ-ൽ നിന്ന് മാറുന്നതിനുവേണ്ടി പ്രത്യേക അപേക്ഷ നൽകുന്നതിനാവശ്യമായ ചെലവ് ഒന്നരക്കോടി രൂപയാണ്. അത് ഇലക്ട്രോണിക്സ് വകുപ്പിന് സാധിക്കില്ലെന്ന് കണ്ടപ്പോൾ

കിൻഫ്ര അതിനാവശ്യമായ 1.52 കോടി രൂപ MoU-ന്റെ വ്യവസ്ഥകൾക്ക് വിധേയമായി കെ.എസ്.ഐ.ടി.ഐ.എൽ.-ന് കൈമാറിയിട്ടുണ്ട്. പ്രത്യേക സാമ്പത്തിക മേഖലയിൽനിന്ന് ഭൂമി ഒഴിവാക്കാനുള്ള തുടർനടപടി ഇലക്ട്രോണിക്സ് ആൻഡ് ഐ.ടി. വകുപ്പിൽ തുടർന്നുവരുന്നുണ്ട്. അത് പൂർത്തീകരിച്ച് വ്യവസായ വകുപ്പിന് ഭൂമി കൈമാറ്റം ചെയ്താൽ ഉടൻതന്നെ വ്യവസായ പാർക്ക് ആരംഭിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.[1]

(6) താഴംമ്പിള്ളി - പൂന്തുറ കടൽത്തീര സംരക്ഷണം

ശ്രീ. വി. ശശി: സർ, സംസ്ഥാനത്തെ 25 മത്സ്യബന്ധന തുറമുഖങ്ങളിലൊന്നാണ് എന്റെ നിയോജകമണ്ഡലത്തിലെ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം. ഇതിന്റെ പ്രവർത്തനത്തിൽ വളരെയേറെ പ്രതീക്ഷയാണ് ആ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്കുള്ളത്. എന്നാൽ ഇന്ന് മിക്കവാറും എല്ലാ സീസണുകളിലും ഹൃദയഭേദകമായ ദുരന്തങ്ങൾക്ക് അവർ സാക്ഷ്യംവഹിക്കുകയാണ്. ഈ ദുരന്തങ്ങൾക്ക് ഒരവസാനമുണ്ടാകണം. വളരെയേറെ ആത്മാർത്ഥതയോടെ മത്സ്യത്തൊഴിലാളി പ്രതിനിധികളുമായി

1 അനുബന്ധമായി ചേർക്കുന്നു.

കൂടിയാലോചിച്ച് നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി മൂന്ന് കാര്യങ്ങളിൽ സർക്കാരിന്റെ അടിയന്തര നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ഒന്ന്, അദാനിയുമായി ഉണ്ടാക്കിയ കരാർ പ്രകാരമുള്ള ഡ്രഡ്ജിംഗ് നടപടി ഉടൻതന്നെ പൂർത്തിയാക്കണം. ചിതറിക്കിടക്കുന്ന കല്ലുകളും ടെട്രാപോഡുകളും നീക്കം ചെയ്യുകയും പൊഴിമുഖം അഞ്ച് മീറ്റർ ആഴത്തിലാക്കുകയും ലോഡ്-ഔട്ട് ഫെസിലിറ്റിക്കുവേണ്ടി അദാനി പൊളിച്ചുമാറ്റിയ പുലിമുട്ട് പുനഃസ്ഥാപിക്കുകയും വേണം. രണ്ടാമത്തെ വിഷയം, പത്ത് പുലിമുട്ടുകൾ സ്ഥാപിച്ച് തീരദേശം സംരക്ഷിക്കുന്നതിനുള്ള കിഫ്ബി പ്രോജക്ട് നടപ്പാക്കുന്നതിന് ഗുരുതരമായ കാലതാമസമാണുള്ളത്. 26 കോടി രൂപയുടെ ഈ പ്രോജക്ട് ഒരു വർഷത്തിനുമുമ്പ് ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം ചെയ്തതാണ്. ആ ചടങ്ങിനുശേഷം ഒരു നടപടിയുമുണ്ടായിട്ടില്ല. അടിയന്തരമായി ഈ പ്രോജക്ട് നടപ്പാക്കണം. മൂന്നാമത്തെ വിഷയം, സി.ഡബ്ല്യു.പി.ആർ.എസ്. നടത്തിയ പഠന റിപ്പോർട്ട് അടിസ്ഥാനമാക്കി സർക്കാർ തയ്യാറാക്കിയ

പ്രോജക്ട് അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കണം. ഈ മൂന്ന് കാര്യങ്ങളും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, 2001-ൽ നിർമ്മാണം ആരംഭിച്ച മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം 03-06-2020-നാണ് കമ്മീഷൻ ചെയ്തത്. കാലാവസ്ഥ പ്രക്ഷുബ്ധമാകുന്ന സമയത്ത് കടൽ കൂടുതൽ അപകടകരമാകുന്ന സ്ഥിതിയുണ്ട്. ഏതാണ്ട് ഇരുന്നൂറോളം താങ്ങുവള്ളങ്ങളും 625-ഓളം പരമ്പരാഗത വള്ളങ്ങളും ഇവിടം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച കാര്യങ്ങളെല്ലാം വിശദമായി പറയേണ്ടതാണ്. എങ്കിലും ചുരുക്കി പറയാം. അതിൽ ഒരു പ്രധാനപ്പെട്ട പ്രശ്നം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനുള്ള കല്ലുകൾ ബാർജ്ജുവഴി കടൽ മാർഗ്ഗം കൊണ്ടുപോകുന്നതിന് മുതലപ്പൊഴി ഹാർബറിന്റെ തെക്കെ പുലിമുട്ട് പൊളിച്ച് ലോഡ്-ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന് 2019-20 കാലയളവിൽ അദാനി പോർട്ട്സുമായി ഒരു കരാർ ഉണ്ടാക്കിയിരുന്നു. അദാനി 10-04-2018 മുതൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായിവച്ച ധാരണപത്രപ്രകാരം മുതലപ്പൊഴി

ഫിഷിംഗ് ഹാർബറിന്റെ മൗത്തിലും ചാനലിലും അഞ്ച് മീറ്ററും ഹാർബർ ബേസിനിലിൽ മൂന്ന് മീറ്ററും ആഴം ഉറപ്പാക്കണമെന്നും ബ്രേക്ക്‌വാട്ടറിന് എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ ആയത് പരിഹരിക്കണമെന്നും ഗൈഡ് ലൈറ്റ്, ബോയ എന്നിവ സ്ഥാപിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഈ വ്യവസ്ഥകൾ പാലിക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾ മന്ത്രിയെന്ന നിലയിൽ നിരവധി തവണ നടത്തുകയും ഇതിൽ ഭൂരിപക്ഷം കാര്യങ്ങൾ നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. 2021 വർഷത്തിലെ ടൗട്ടെ ചുഴലിക്കാറ്റ്, 2022-ലെ മൺസൂൺ എന്നിവമൂലം മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ തെക്കെ പുലിമുട്ടിന്റെ ഹെഡ് തകരുകയും ടെട്രാപോഡുകൾക്ക് സ്ഥാനഭ്രംശം സംഭവിച്ച് പ്രവേശന കവാടത്തിലും ചാനലിലും ചിതറിവീഴുകയുണ്ടായി. ഇപ്രകാരം ചാനലിൽ ചിതറിക്കിടക്കുന്ന കല്ലുകളും ടെട്രാപോഡുകളും മത്സ്യത്തൊഴിലാളികളുടെ ജീവനും സുരക്ഷയ്ക്കും ഭീഷണിയായി വന്നപ്പോൾ കല്ലുകൾ നീക്കം ചെയ്യുവാൻ അദാനിയുമായി ധാരണയുണ്ടാക്കി നിർദ്ദേശം നൽകി. ഇപ്പോൾ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 80 ശതമാനം കല്ലുകൾ ചാനലിൽനിന്ന് മാറ്റാൻ

സാധിച്ചിട്ടുണ്ട്. ബാക്കിയുള്ളവ മാറ്റുന്നതിനുവേണ്ടിയുള്ള നടപടി മൺസൂൺ കഴിഞ്ഞാൽ പൂർത്തീകരിക്കാൻ സാധിക്കും. മറ്റൊരു പ്രശ്നം ഉന്നയിച്ചത്, മത്സ്യബന്ധന തുറമുഖം അപകടരഹിതമാക്കുന്നതിനെപ്പറ്റിയാണ്. അതുസംബന്ധിച്ച് ചർച്ചകൾ വന്നിട്ടുണ്ട്. 22-10-2022-ലെ സ.ഉ. (സാധാ)നം. 660/2022/മ.തു.വ. പ്രകാരം പൂനെ ആസ്ഥാനമായുള്ള സി.ഡബ്ല്യു.പി.ആർ.എസ്. (സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ)-നെ പഠനത്തിനുവേണ്ടി ചുമതലപ്പെടുത്തുകയും അവർ ഇവിടെയെത്തി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. അതുകൂടാതെ മന്ത്രിയെന്ന നിലയിൽ ഉദ്യോഗസ്ഥ തലത്തിലും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അടക്കം സാന്നിധ്യത്തിൽ നിരവധി ചർച്ചകൾ നടത്തുകയുണ്ടായി. സി.ഡബ്ല്യു.പി.ആർ.എസ്.-ന്റെ റിപ്പോർട്ട് 2024 ഫെബ്രുവരി മാസം ലഭിച്ചു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെക്കുഭാഗത്തുനിന്ന് അഴിമുഖത്തേയ്ക്ക് മണ്ണ് അടിഞ്ഞുകൂടുന്നത് തടയുന്നതിനുവേണ്ടി തെക്കെ പുലിമുട്ടിന്റെ നീളം 425 മീറ്റർ വർദ്ധിപ്പിച്ച് അഴിമുഖം വടക്കുഭാഗത്തേയ്ക്ക് മാറ്റുന്ന വിധത്തിലാണുള്ളത്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെക്ക് ഭാഗത്തുനിന്ന് അഴിമുഖത്തേയ്ക്ക് മണ്ണ്

അടിഞ്ഞുകൂടുന്നത് തടയുന്നതിനുവേണ്ടി, തെക്കേ പുലിമുട്ടിന്റെ നീളം 425 മീറ്റർ വർദ്ധിപ്പിച്ച് അഴിമുഖം വടക്ക് ഭാഗത്തേയ്ക്ക് മാറ്റുന്ന വിധത്തിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രമന്ത്രിയുമായി നേരിട്ട് വിഷയം സംസാരിക്കുകയുണ്ടായി. കേന്ദ്രതലത്തിലും ഉദ്യോഗസ്ഥതലത്തിലും നിരന്തരമായി അടിയന്തര ഇടപെടൽ നടത്തി.  ഇതുസംബന്ധിച്ച ചർച്ചകളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ പങ്കെടുത്തു. സംസ്ഥാന സർക്കാർ 164 കോടി രൂപയുടെ പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. PMMSY-ൽ ഉൾപ്പെടുത്തി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അനുമതിക്കായി മുന്നോട്ടുനീങ്ങുന്നു. ഇതുമായി ബന്ധപ്പെട്ട രൂപരേഖ, കേന്ദ്രസർക്കാരിന്റെ സാങ്കേതിക സമിതി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആ അവസരത്തിലാണ് തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുണ്ടായത്. അതേത്തുടർന്ന് അംഗീകാരം ലഭിക്കുന്നതിന് കാലതാമസമുണ്ടായി. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം Smart and Grid harbour ആയി മാറ്റുന്നതിനുള്ള ചില ഘടകങ്ങൾ കൂടി ഉൾപ്പെടുത്തണമെന്ന നിർദ്ദേശം കേന്ദ്രസർക്കാർ മുന്നോട്ടുവച്ചു. പ്രസ്തുത നിർദ്ദേശങ്ങൾ ശരിയായ രീതിയിൽ

പഠനവിധേയമാക്കി 15 ദിവസത്തിനകം കേന്ദ്രസർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കും. തുടർന്നുള്ള ചർച്ചയ്ക്കായി നമ്മുടെ വകുപ്പ് ഉദ്യോഗസ്ഥർ ബാംഗ്ലൂരിലേയ്ക്ക് പോയിട്ടുണ്ട്. തുടർന്ന് ഡൽഹിയിലും പോയി ഏറ്റവും വേഗം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട എം.എൽ.എ. അടക്കം പങ്കെടുത്ത ഒരു മീറ്റിംഗുണ്ടായിരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ തീരുമാനിച്ചിട്ടുണ്ട്.

രക്ഷാപ്രവർത്തനം സംബന്ധിച്ച പ്രശ്നവും ഉന്നയിച്ചിട്ടുണ്ട്. നിരന്തരമായി അപകടമുണ്ടാകുന്ന പൊഴിയെന്ന നിലയിൽ, നിലവിൽ രക്ഷാപ്രവർത്തനത്തിനായി 3 യാനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. അപകടങ്ങൾ സംഭവിച്ചാൽ ആളുകളെ രക്ഷപ്പെടുത്തുന്നതിനുള്ള തയ്യാറെടുപ്പുകളുമായി മൂന്ന് ഷിഫ്റ്റുകളിലായി 30 സീ റസ്ക്യൂ ഗാർഡുകൾ, മറൈൻ എൻഫോഴ്സ്മെന്റ് - കോസ്റ്റൽ പോലീസ് അംഗങ്ങൾ തുടങ്ങി എല്ലാവരെയും സദാ ജാഗ്രതയോടുകൂടി സജ്ജരാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. മത്സ്യത്തൊഴിലാളി സംഘടനകളുടെ യോഗം കഴിഞ്ഞ ദിവസം

വിളിച്ചുചേർത്തിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ മൺസൂൺ സീസണിൽ, രണ്ട് മാസം അടച്ചിടാമെന്ന രീതിയിൽ അഭിപ്രായപ്പെടുകയുണ്ടായി. പക്ഷെ ബന്ധപ്പെട്ട ആളുകൾ വ്യത്യസ്ത അഭിപ്രായം രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, അഭികാമ്യമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അപകടകരമായ കടൽക്ഷോഭം ഉണ്ടാകുന്നപക്ഷം മത്സ്യത്തൊഴിലാളികൾ കടലിൽ പോകാൻ പാടില്ലെന്ന അഭിപ്രായമാണ് പരിഗണിച്ചത്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് അവിടെയൊരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മത്സ്യബന്ധത്തിന് പോകാൻകഴിയുന്നതും അല്ലാത്തതുമായ ദിവസങ്ങൾ ഏതൊക്കെയാണെന്ന് അതിൽ കൃത്യമായി ധാരണയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നല്ലൊരു രക്ഷാപ്രവർത്തന തയ്യാറെടുപ്പുമുണ്ടായിട്ടുണ്ട്.

പൊഴിയിലെ അപകടങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. 13 ആളുകൾ പൊഴിയിൽ അകപ്പെട്ട് മരണപ്പെട്ടിട്ടുണ്ട്. അവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനാവശ്യമായ എല്ലാ സമീപനവും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 10 ലക്ഷം രൂപ വീതമുള്ള സഹായം ലഭ്യമാക്കുന്ന

ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിശ്ചിത ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടാത്ത മത്സ്യത്തൊഴിലാളികൾക്ക് Chief Minister's Distress Relief Fund (CMDRF) നിന്നുള്ള സഹായം ലഭ്യമാക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

ഗ്രോയിൻ നിർമ്മാണത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 15-03-2022-ൽ 26.51 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്. അതുമായി ബന്ധപ്പെട്ട് 2.7 കിലോമീറ്റർ തീരം സംരക്ഷിക്കുന്നതിനായി 10 ഗ്രോയിനുകളുടെ നിർമ്മാണം കഠിനംകുളം കായലിന്റെ തീരസംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട് ഇതിന്റെ നടപടിക്രമങ്ങൾ പുരോഗമിക്കുകയും അന്തിമ അംഗീകാരം ലഭിക്കുകയും ചെയ്തു. അവിടെ കല്ലിട്ടു എന്നത് വാസ്തവമാണ്. ടെട്രാപോഡ് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് അധിക തുക ആവശ്യമായി വരുമെന്ന് കരാറുകാരൻ അഭിപ്രായപ്പെട്ടു. നിലവിൽ ഇതുമായി ബന്ധപ്പെട്ട് കിഫ്ബിയുമായി ചർച്ചകൾ സംഘടിപ്പിക്കുന്നുണ്ട്. മുതലപ്പൊഴി ഒരു പ്രത്യേക വിഷയമായി പരിഗണിച്ച് സംസ്ഥാന സർക്കാരിന്

ചെയ്യാൻ കഴിയുന്ന മുഴുവൻ കാര്യങ്ങളും ആത്മാർത്ഥമായി ചെയ്തിട്ടുണ്ടെന്ന് പറയാൻ ഈ അവസരത്തിൽ ആഗ്രഹിക്കുന്നു.

(7) മലപ്പുറത്ത് സർക്കാർ എഞ്ചിനീയറിംഗ് കോളേജ്

ശ്രീ. പി. ഉബൈദുള്ള: സർ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ പിന്നാക്കാവസ്ഥയിലുള്ള മലപ്പുറം ജില്ലയിൽ, സർക്കാർ മേഖലയിലൊരു എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കണമെന്നത് ദീർഘകാലത്തെ ആവശ്യമാണ്. ഇക്കാര്യം സഭയുടേയും സർക്കാരിന്റേയും ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ ആവതരിപ്പിക്കുന്നത്. കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയാണ് മലപ്പുറം. കഴിഞ്ഞ 4 പതിറ്റാണ്ടിനിടയിൽ വിദ്യാഭ്യാസ രംഗത്ത് മലപ്പുറം ജില്ല കൈവരിച്ച പുരോഗതി വളരെ വലുതാണ്. അക്കാര്യം ഇന്നത്തെ അടിയന്തര പ്രമേയ ചർച്ചയിൽ എല്ലാവരും സൂചിപ്പിക്കുകയും ചെയ്തു. പ്രത്യേകിച്ച് സ്ത്രീ വിദ്യാഭ്യാസ രംഗത്ത് വലിയ മുന്നേറ്റമാണ് ജില്ലയിൽ നിലവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ ബിരുദ പഠനത്തിന് യോഗ്യത നേടുകയും വിവിധ പ്രവേശന പരീക്ഷകളിൽ

പങ്കെടുക്കുകയും മികവ് പുലർത്തുകയും ചെയ്ത ജില്ലയായിട്ടും സർക്കാരിന് കീഴിലുള്ള ഒരു എഞ്ചിനീയറിംഗ് കോളേജ് ഇല്ലെന്നുള്ളത് അങ്ങേയറ്റം ഖേദകരമാണ്. സംസ്ഥാനത്ത് എസ്.എസ്.എൽ.സി., പ്ലസ് ടു പാസ്സാകുന്ന വിദ്യാർത്ഥികളുടെ എണ്ണം ഏറ്റവും കൂടുതൽ മലപ്പുറം ജില്ലയിലാണ്. കൂടാതെ എല്ലാ വിഷയങ്ങളിലും എ-പ്ലസ് കരസ്ഥമാക്കുന്ന കുട്ടികളുടെ എണ്ണത്തിലും ഒന്നാമത് ഈ ജില്ലയാണ്. ഇങ്ങനെയുള്ള സാഹചര്യത്തിൽ അവർക്ക് തുടർപഠനത്തിന് അവസരമൊരുക്കണം. കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി കൂടുതൽ സ്ഥാപനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ജില്ലയിലെ 10 പോളിടെക്നിക് കോളേജുകളിൽ സർക്കാർ മേഖലയിലുള്ളത് 4 കോളേജുകൾ മാത്രമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 9 ആർട്സ് ആൻഡ് സയൻസ് കോളേജുകളും 7 അറബിക് കോളേജുകളും മാത്രമാണ് നിലവിലുള്ളത്. കേരളത്തിൽ സ്വാശ്രയ മേഖലയിൽ ആദ്യമായി സ്ഥാപിതമായ കുറ്റിപ്പുറം MES College of Engineering മലപ്പുറം ജില്ലയിലാണ്. എന്നാൽ സർക്കാർ എയ്ഡഡ് മേഖലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് പോലും ഇതുവരെയും ഇവിടെ ആരംഭിച്ചിട്ടില്ല.

ഇപ്പോൾ എഞ്ചിനീയറിംഗ് കോളേജുകളില്ലാത്ത ജില്ലകളിൽ കേളേജുകൾ ആരംഭിക്കാൻ സ്ഥലം കണ്ടെത്താൻ സർക്കാർ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയതായി അറിയാൻ കഴിഞ്ഞു. പ്രസ്തുത നിർദ്ദേശം എത്രയുംവേഗം നടപ്പാക്കണം. അതിന് നടപടികൾ ത്വരിതപ്പെടുത്തണം. ജില്ലയിൽ ഒരു സർക്കാർ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിലൂടെ സമഗ്ര വിദ്യാഭ്യാസ മുന്നേറ്റത്തിന് അത് വഴി തുറക്കും. മാത്രമല്ല ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള സീറ്റ് ക്ഷാമം കുറയ്ക്കുന്നതിനും പ്രതിസന്ധികൾ പരിഹരിക്കുന്നതിനും അത് വളരെയധികം സഹായകരമാണ്. ഇന്ന് ബഹുമാന്യനായ എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിൽ എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ കുട്ടികൾക്കും തുടർ പഠനത്തിന് അവസരം ഒരുക്കുന്നതിനുവേണ്ടി അഡീഷണൽ ബാച്ച് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ടി ജില്ലയിൽ പ്ലസ് ടു പാസ്സായ കുട്ടികൾക്കും കോളേജുകളിൽ തുടർപഠനത്തിന് സീറ്റിന്റെ അപര്യാപതതയുണ്ട്. അതുകൊണ്ട് കോളേജുകളിൽ പുതിയ കോഴ്സുകൾ നടപ്പാക്കണം. എഞ്ചിനീയറിംഗ് കോളേജുകൾ പോലുള്ള പുതിയ സ്ഥാപനങ്ങൾ

ജില്ലയിലുണ്ടാകണം. ജില്ലയിലെ ജനസംഖ്യയും വിജയിച്ചുവരുന്ന വിദ്യാർത്ഥികളുടെ എണ്ണവും പരിഗണിക്കുമ്പോൾ സർക്കാർ മേഖലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന്റെ ആവശ്യകത വളരെ വ്യക്തമാണ്. ഇത് വിദ്യാഭ്യാസവും തൊഴിൽ സാധ്യതയും ലഭ്യമാക്കുന്നതിനും പ്രാദേശിക വികസനത്തിനും വലിയ രീതിയിൽ സഹായകമാകും. മലപ്പുറത്ത് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഇല്ലാത്തതിനാൽ നിരവധി വിദ്യാർത്ഥികൾക്ക് അവരുടെ ഇഷ്ടപ്പെട്ട മേഖലകളിൽ പഠനത്തിനായി മറ്റ് ജില്ലകളിലേയ്ക്കും സംസ്ഥാനത്തിന് പുറത്തേയ്ക്കും പോകേണ്ട സാഹചര്യമാണ് നിലവിലുള്ളത്. സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിൽ പഠനച്ചെലവ് കൂടുതലായതിനാൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതോടുകൂടി സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് വലിയ ആശ്വാസമാകുമെന്നത് തീർച്ചയാണ്. ആയതുകൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഏറെ പിന്നാക്കം നിൽക്കുന്ന മലപ്പുറം ജില്ലയിൽ ഒരു സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കണമെന്ന് ഈ സബ്മിഷനിലൂടെ

ബഹുമാനപ്പെട്ട സർക്കാരിനോടും ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും ആവശ്യപ്പെടുകയാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സംസ്ഥാനത്ത് പുതിയ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുക എന്നത് സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമുള്ള വിഷയമാണ്. മലപ്പുറം ജില്ലയിൽ സ്വാശ്രയ മേഖലയിൽ 14 എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കോളേജുകളിൽ ഉൾപ്പെടെ ജില്ലയിൽ ആകെ 2430 എഞ്ചിനീയറിംഗ് സീറ്റുകൾ നിലവിലുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. മലപ്പുറം ജില്ലയിൽ സർക്കാർ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ നിലവിൽ സർക്കാരിന്റെ മുന്നിലില്ല. പുതിയ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് മലപ്പുറം ജില്ലയിലും പുതിയ

സർക്കാർ എഞ്ചിനീയറിംഗ് കോളേജ് അനുവദിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

(8) കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ പൂർത്തീകരണം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കേരളത്തിന്റെ അഭിമാന പദ്ധതിയായ മലയോര ഹൈവേയുടെ കാസർഗോഡ് ജില്ലിയിലെ നാലര കിലോമീറ്റർ ഭാഗത്തെ പ്രവൃത്തി നിലച്ചിരിക്കുകയാണ്. നന്ദാരപ്പടവ് മുതൽ ചെറുപുഴ വരെയുള്ള 127.42 കിലോമീറ്റർ ദൈർഘ്യത്തിൽ ഏകദേശം 80 ശതമാനവും പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഇടപ്പറമ്പ് - കോളിച്ചാൽ റീച്ചിൽ 4.332 ഹെക്ടർ വനഭൂമിയിലൂടെയാണ് ഇത് കടന്നുപോകുന്നത്. വനഭൂമിക്ക് പകരം ഭൂമി കണ്ടെത്തിയത് വെള്ളരിക്കുണ്ട് താലൂക്കിലെ ഭീമനടി വില്ലേജിൽ ആസ്.എസ്. നമ്പർ 553-ലാണ്. സർക്കാർ റവന്യൂ ഭൂമി കണ്ടെത്തുകയും ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഭൂമി കെ.എസ്.ഇ.ബി.എൽ.-ന്റെ ഉഡുപ്പി-കരിന്തളം പദ്ധതിക്കുവേണ്ടി അനുവദിക്കുകയും ചെയ്തു. ഓവർലാപ്പിംഗ് വന്നതോടുകൂടി ഈ പദ്ധതിക്ക് അനുവദിച്ച ഭൂമിയുടെ ഉത്തരവ് സർക്കാർ റദ്ദാക്കി. ഇതേത്തുടർന്ന് 4.5 കിലോമീറ്റർ നീളത്തിൽ റോഡ് പണി നിലച്ചിരിക്കുകയാണ്. മാത്രമല്ല ഈ

റോഡ് തകർന്ന് ഗതാഗത യോഗ്യമല്ലാതായിരിക്കുന്നു. ഈ ഭാഗത്തെ പള്ളഞ്ചി - കാവുങ്കൽ പാലങ്ങൾ ഇതിന്റെ ഭാഗമായാണ് വരുന്നത്. ഇക്കാര്യങ്ങളെല്ലാം ഇപ്പോൾ അനിശ്ചിതത്വത്തിലാണ്. വനഭൂമിക്ക് പകരം ഭൂമി നൽകി മലയോര ഹൈവേയുടെ പണി പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ഒരു ഉന്നതതല യോഗം വിളിച്ച് ആവശ്യമായ നടപടി സ്വീകരിച്ചില്ലെങ്കിൽ നമുക്ക് മലയോര ഹൈവേ പൂർത്തീകരിച്ച് ജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും. അതുകൊണ്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, സംസ്ഥാന സർക്കാരിനെ സംബന്ധിച്ച് വളരെ സുപ്രധാനമായ പദ്ധതിയാണ് മലയോര ഹൈവേ. മലയോര ഹൈവേ നിർമ്മാണ പ്രവൃത്തികൾ നല്ല നിലയിൽ പുരോഗമിച്ചുവരികയാണ്. മലയോര ഹൈവേ നിർമ്മാണം ഏറ്റവും മികച്ച രീതിയിൽ പുരോഗമിക്കുന്നത് കാസർഗോഡ് ജില്ലയിലാണ്. കാസർഗോഡ് ജില്ലയിൽ നന്ദാരപ്പടവ്-ചേവാർ റീച്ച് പൂർത്തിയാക്കാൻ

ഇതിനോടകം സാധിച്ച കാര്യവും അറിയിച്ചിരുന്നു. കോളിച്ചാൽ-ഇടപ്പറമ്പ് റീച്ചിൽ 21 കിലോമീറ്റർ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കോളിച്ചാൽ-ചെറുപുഴ-ചേവാർ- ഇടപ്പറമ്പ് റീച്ചുകളിൽ പ്രവൃത്തി അതിവേഗം പുരോഗമിക്കുകയാണ്. ഈ വർഷം രണ്ട് റീച്ചുകളും പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കോളിച്ചാൽ- ഇടപ്പറമ്പ് റീച്ചിൽ വനഭൂമിയിലൂടെ കടന്നുപോകുന്ന ഭാഗത്താണ് ഇനി നിർമ്മാണം ആരംഭിക്കാനുള്ളത്. ഇവിടെ വനഭൂമിക്ക് പകരം ഭൂമി ലഭ്യമാകേണ്ടിയിരിക്കുന്നു. അതിനുള്ള ശ്രമങ്ങൾ നല്ല നിലയിൽ വളരെ വേഗത്തിൽ നടന്നുവരികയും ചെയ്തുവെങ്കിലും ഭൂമി ലഭ്യമാകാത്ത സാഹചര്യമുണ്ടായി. നിലവിൽ പകരം ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഭൂമി കൈമാറുന്നതിനുള്ള സ്കെച്ച് തയാറാക്കിവരുന്നു. സമയബന്ധിതമായി സ്കെച്ച് തയാറാക്കി ഭൂമി കൈമാറ്റ നിർദ്ദേശം സമർപ്പിക്കുമെന്നാണ് ജില്ലാ കളക്ടർ ഉൾപ്പെടെ അറിയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച കാവുങ്കൽ പാലം, അനുബന്ധ അപ്രോച്ച് റോഡ് എന്നിവയുടെ അലൈൻമെന്റിന് അന്തിമരൂപം നൽകിയിട്ടുണ്ട്. ഇവിടെ സ്ഥലം ഫ്രീ സറണ്ടർ ആയി ലഭിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. പള്ളാഞ്ചി പാലത്തിന്റെ

ഡി.പി.ആർ. വനഭൂമി കണ്ടെത്തിയശേഷം സമർപ്പിക്കാനാണ് കിഫ്ബി നിർദ്ദേശിച്ചിരിക്കുന്നത്. ഇതുരണ്ടും അതേ അർത്ഥത്തിൽ റിവ്യു നടത്തുകയും ആവശ്യമായ കാര്യങ്ങൾ ചെയ്ത് മുന്നോട്ടുപോകുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതിയാണ് മലയോര ഹൈവേ. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 793.68 കിലോമീറ്റർ റോഡാണ് മലയോര ഹൈവേ ആയി വികസിപ്പിക്കുന്നത്. ഇതിൽ 488.63 കിലോമീറ്റർ റോഡ് നിർമ്മാണം സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്തിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് 297.59 കിലോമീറ്റർ പ്രവൃത്തി പുരോഗമിക്കുന്നു. 149.17 കി.മീ. റോഡിന്റെ പ്രവൃത്തി പൂർത്തിയാക്കി കഴിഞ്ഞു. ഇതിനുപുറമെ 305.5 കിലോമീറ്ററിന് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ സാങ്കേതികാനുമതിക്കായി നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. മലയോര ഹൈവേ പ്രവൃത്തികൾക്കായി 3505 കോടി രൂപയുടെ സാമ്പത്തികാനുമതിയാണ് ലഭിച്ചിരിക്കുന്നത്. ഇതിൽ 1288 കോടി രൂപ പ്രവൃത്തികൾക്കായി ഇതിനകം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ കൂടുതൽ റീച്ചുകളിൽ ഈ വർഷം

മലയോര ഹൈവേ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന സന്തോഷവിവരം ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രവൃത്തി സംബന്ധിച്ച കൃത്യമായ പരിശോധനയും അവലോകന യോഗങ്ങളും ചേർന്ന് ഓരോ റീച്ചിലെയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടാണ് മുന്നോട്ടുപോകുന്നത്. കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ പ്രവൃത്തി പൂർത്തീകരിക്കാൻ യോജിച്ച ഇടപെടൽ തുടങ്ങും. രാജ്യത്ത് ആദ്യമായിട്ടാണ് ഒരു സംസ്ഥാനത്ത് ഒരറ്റം മുതൽ മറ്റൊരു അറ്റം വരെ മലയോര മേഖലയിലൂടെ ഹൈവേ എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഇത് നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക ടൂറിസം മേഖലയുടെ കുതിപ്പിന് ഏറെ സഹായകരമാകും. മലയോര ഹൈവേ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ശ്രമങ്ങൾ എല്ലാവരെയും യോജിപ്പിച്ചുകൊണ്ട് സർക്കാർ നടത്തുമെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

(9) <u>മഞ്ചേരി-ഒലിപ്പുഴ റോഡ് ഗതാഗതയോഗ്യമാക്കൽ</u>

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, മഞ്ചേരി-ഒലിപ്പുഴ റോഡിന്റെ ദുരവസ്ഥ ഈ സഭയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽ

കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ ഉന്നയിക്കുന്നത്. മഞ്ചേരി പട്ടണത്തെയും പാണ്ടിക്കാട് ടൗണിനെയും ബന്ധിപ്പിക്കുന്ന നിലവിലുള്ള റോഡ് വീതികൂട്ടി പുനരുദ്ധരിക്കുന്നതിനുവേണ്ടിയാണ് ഈ റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇതുപ്രകാരം ഈ റോഡിന്റെ ദൂരം 16.2 കിലോമീറ്റർ, വീതി 13.6 മീറ്റർ അതിന്റെ ടാറിങ് 10 മീറ്റർ എന്നിങ്ങനെയാണ്. 2016-ൽ എ.എസ്.-ഉം 2018-ൽ ടി.എസ്.-ഉം ലഭിച്ചു. 2022-ൽ റോഡ് കെ.ആർ.എഫ്.ബി.-ക്ക് കൈമാറി. ഇപ്പോൾ ഗവൺമെന്റ് സ്ഥലത്തിന്റെ അതിർത്തിയിൽ മഞ്ഞകുറ്റിയും റോഡിന് ആവശ്യമായ അതിരിൽ പിങ്ക് കുറ്റിയും സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ റവന്യൂ ഡിപ്പാർട്ട്മെന്റ് സ്ഥലം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. 85 കോടി രൂപയാണ് ഇപ്പോഴത്തെ എസ്റ്റിമേറ്റ്. അത് ഇനിയും റിവൈസ് ചെയ്യേണ്ടിവരും. ഞാൻ എം.എൽ.എ. ആയതിനുശേഷം പലപ്പോഴും നിയമസഭയിൽ ഈ പ്രശ്നം അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു. മലപ്പുറം ഡി.ഡി.സി. യോഗത്തിൽ നിരവധി തവണ ടി വിഷയം ചർച്ച ചെയ്തു.

ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗങ്ങൾ പലതവണ വിളിച്ച് കാര്യങ്ങൾ സംസാരിച്ചു. 2016-ൽ എ.എസ്. ലഭിച്ച് ഒമ്പതു വർഷമായിട്ടും പ്രവൃത്തി ആരംഭിക്കാൻ സാധിച്ചില്ല. മഞ്ചേരി മണ്ഡലത്തിൽ എ.എസ്.-ഉം ടി.എസ്.-ഉം ലഭിച്ച ഏക പ്രവൃത്തിയാണ് ഈ റോഡ്. അതുകൊണ്ട് ഈ റോഡിന്റെ പ്രവൃത്തി പൂർത്തിയാക്കാൻ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെട്ട് ആ പ്രദേശത്തെ ജനങ്ങളെ സഹായിക്കണമെന്ന് ഈ സബ്മിഷനിലൂടെ വളരെ വിനീതമായി അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന മഞ്ചേരി-ഒലിപ്പുഴ റോഡ് പ്രവൃത്തിയെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനായി ഉന്നയിച്ചിട്ടുള്ളത്. കിഫ്ബിയിൽനിന്നും 85 കോടി 16 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി ലഭിച്ച പദ്ധതിയാണ്. പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിൽനിന്നും അനുമതി നൽകിയിട്ടുള്ളതും ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായിട്ടുള്ള 6(1) Notification Kerala Gazette-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. പദ്ധതിയുടെ അലൈൻമെന്റുമായി ബന്ധപ്പെട്ട്

ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു. 2023 നവംബർ മാസത്തിൽ നാറ്റ്പാക് തയ്യാറാക്കിയ പുതുക്കിയ അലൈൻമെന്റ് പ്രകാരം സ്ഥലമേറ്റെടുക്കൽ പ്രക്രിയ ആരംഭിക്കുവാൻ തീരുമാനിച്ചു. എന്നാൽ വീണ്ടും ചില പരാതികൾ ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ ചെറിയ മാറ്റങ്ങൾ വീണ്ടും വരുത്തേണ്ടി വന്നു. നിലവിൽ അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾക്കായുള്ള contingency തുക 37,06,000 രൂപ 12-10-2023-ന് സ്പെഷ്യൽ തഹസീൽദാർക്ക് കൈമാറിയിട്ടുണ്ട്. 01-04-2024-ന് LA sketch കിഫ്ബി എൽ.എ. തഹസീൽദാർക്ക് സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ അലൈൻമെന്റ് പ്രകാരം അധിക സർവ്വേ നമ്പറുകളിൽനിന്നുകൂടി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട് എന്നുള്ള പ്രശ്നമുണ്ട്. പുതിയ നമ്പറുകൾ ഉൾപ്പെടുത്തി പുതുക്കിയ റവന്യൂ അനുമതി ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ തുടരുകയാണ്. കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട ഇങ്ങനെ ചില വിഷയങ്ങൾ വരുന്നതിന്റെ ഭാഗമായി നിലവിലുള്ള റോഡുകളിൽ പാച്ച് വർക്ക് ഉൾപ്പെടെയുള്ള പ്രശ്നങ്ങളുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ശരിയാണ്. കിഫ്ബിയിൽനിന്നും അറ്റകുറ്റപണികൾക്കായി

മൊത്തത്തിൽ ചർച്ച നടത്തുകയും ഫണ്ട് അനുവദിക്കുകയും ചെയ്തു. അനുവദിച്ച ഫണ്ട് ഉപയോഗിച്ച് പ്രസ്തുത റോഡിൽ കുഴികൾ അടച്ച് നിലവിൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. മറ്റു കാര്യങ്ങൾ പരിശോധിച്ചു മുന്നോട്ടുപോകാവുന്നതാണ്.

(10) <u>ഒറ്റപ്പാലം-ചെർപ്പുളശ്ശേരി പാതയുടെ രണ്ടാം ഘട്ടം</u>

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, വാണിയംകുളം-പത്തംകുളം-കോതകുർശ്ശി, ഒറ്റപ്പാലം-ചെർപ്പുളശ്ശേരി-പെരിന്തൽമണ്ണ എന്നീ റോഡുകളിലെ ആറ് കിലോമീറ്റർ ദൂരം കിഫ്ബി ഏറ്റെടുത്തു പ്രവൃത്തികൾ 2018-ൽ ആരംഭിച്ചു. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പൈപ്പ് ലൈനും പോസ്റ്റ് മാറ്റലും ഒക്കെയായി കുറച്ചു കാലതാമസം നേരിടുകയുണ്ടായി. 2018-ൽ ആരംഭിച്ച ഈ രണ്ടുറോഡിന്റെയും BM പ്രവൃത്തികൾ 2022 മേയ് മാസത്തിൽ പൂർത്തിയായി. എന്നാൽ അതിനുശേഷം BC പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഒറ്റപ്പാലത്തുനിന്നും പെരിന്തൽമണ്ണയ്ക്ക് പോകുന്ന ചെർപ്പുളശ്ശേരി റോഡിൽ പതിനൊന്ന് കിലോമീറ്ററുണ്ട്. അതിന്റെ ടെണ്ടർ നടപടികൾ ഇതുവരെ ആരംഭിച്ചിട്ടില്ല. വാണിയംകുളം-പത്തംകുളം-കോതകുർശ്ശി, ഒറ്റപ്പാലം-ചെർപ്പുളശ്ശേരി-പെരിന്തൽമണ്ണ എന്നീ രണ്ട് റോഡുകളിലും BM പ്രവൃത്തികൾ

പൂർത്തിയാക്കിയിട്ടുണ്ട്. കിഫ്ബി ഏറ്റെടുത്ത റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ നടക്കാത്തതുകാരണം നിലവിലെ റോഡിലൂടെയുള്ള സഞ്ചാരം പ്രയാസകരമായതിനാൽ മെയിന്റനൻസ് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ എത്രയുംവേഗം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, രണ്ട് റോഡുകളുടെ നിർമ്മാണം സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനായി ഉന്നയിച്ചത്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയാണ് ഒറ്റപ്പാലം - ചെർപ്പുളശ്ശേരി റോഡ് രണ്ടാം ഘട്ട പ്രവൃത്തി തീരുമാനിച്ചിരിക്കുന്നത്. റോഡ് നിർമ്മാണത്തിന് 62 കോടി 43 ലക്ഷം രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകിയിരുന്നു. നിലവിലുള്ള റോഡിന്റെ ഉപരിതലത്തിന്റെ ഉറപ്പ് പരിശോധിച്ച് അനുയോജ്യമെങ്കിൽ ഉപയോഗപ്പെടുത്തണമെന്ന് സാമ്പത്തികാനുമതി റിപ്പോർട്ടിൽ കിഫ്ബി നിർദ്ദേശിച്ചിരുന്നു. അതിന്റെ ഭാഗമായി FWD (Falling Weight Deflectometer) ടെസ്റ്റ് നടത്തി ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 54 കോടി 29 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ്

തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ സങ്കേതികാനുമതി നൽകി ടെണ്ടർ സ്വീകരിക്കുന്ന ഘട്ടത്തിലാണ്. മറ്റൊരു കിഫ്ബി പദ്ധതിയായി ഇവിടെ സൂചിപ്പിച്ച പത്തംകുളം-വാണിയംകുളം റോഡിന് 20 കോടി 56 ലക്ഷം രൂപയുടെ സാമ്പത്തികാനുമതിയും സങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. റോഡിന്റെ പ്രവൃത്തി ആരംഭിക്കുകയും നിലവിൽ 89 ശതമാനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. JJM (Jal Jeevan Mission) പൈപ്പിടുന്ന പ്രവൃത്തിയ്ക്ക് കാലതാമസം നേരിടുന്നുവെന്ന് ചൂണ്ടികാട്ടി കരാറുകാരൻ foreclose ചെയ്യാൻ നൽകിയ അപേക്ഷ കിഫ്ബിക്ക് കൈമാറിയിട്ടുണ്ട്. കിഫ്ബിയുടെ തീരുമാനത്തിനനുസരിച്ച് തുടർനടപടി സ്വീകരിക്കും.